# ഇമാം ഗസ്സാലി (450–505)

ഹി. അഞ്ചാം നൂറ്റാണ്ടിലെ പ്രമുഖനായ പരിഷ്കർത്താവാണ് ഇമാം അബൂഹാമിദിൽ ഗസ്സാലി. ഗ്രീക്ക് തത്ത്വശാസ്ത്രത്തിന്റെയും തർക്കശാസ്ത്രത്തിന്റെയും കടന്നുകയറ്റം മൂലം ഇസ്ലാമിന്റെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങൾ ബൗദ്ധിക തലത്തിൽ ചോദ്യം ചെയ്യപ്പെട്ടു. മതത്തിന്റെ സർഗാത്മക ഭാവമായ ഇജ്തിഹാദ് ക്രിയാരഹിതമായി. സമൂഹം ബുദ്ധിപരമായ മരവിപ്പിനടിപ്പെട്ടു. ജീവിതത്തിന്റെ സമസ്ത തലങ്ങളിലും ഭൗതിക പ്രമത്തതയും ധർമഭ്രംശവും പടർന്നു പിടിച്ചു. പ്രസ്തുത പശ്ചാത്തലത്തിലാണ് ഇമാം ഗസ്സാലി തന്റെ നവോത്ഥാന സംരംഭങ്ങൾക്ക് നാന്ദി കുറിച്ചത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ഇപ്രകാരം സംഗ്രഹിക്കാം:

1. ഗ്രീക്ക് ചിന്താധാരകളെ അഗാധമായ പഠന വിശകലനങ്ങൾക്ക് വിധേയമാക്കി യുക്തിയുക്തം ഖണ്ഡിച്ചു. തദ്ഫലമായി ഗ്രീക്ക് തത്ത്വശാസ്ത്രങ്ങളുടെ സ്വാധീനം മുസ്ലിം മനസ്സുകളിൽ ഗണ്യമായി കുറഞ്ഞു.

2. ഇസ്ലാമിക വിശ്വാസപ്രമാണങ്ങൾക്ക് യുക്തിപരമായ വ്യാഖ്യാനങ്ങൾ നല്കി.

3. തന്റെ കാലഘട്ടത്തിലെ മുസ്ലിം അവാന്തര വിഭാഗങ്ങളെ സസൂക്ഷ്മം വിലയിരുത്തി ഇസ്ലാമും ജാഹിലിയ്യതും വ്യവഛേദിച്ച് കാണിക്കുകയും വ്യാഖ്യാന സ്വാതന്ത്ര്യത്തിന്റെ അനുവദനീയ സീമകൾ എടുത്തു കാണിക്കുകയും ചെയ്തു. യഥാർഥ ഇസ്ലാമിക വിശ്വാസങ്ങളും മിഥ്യയായ വിശ്വാസങ്ങളും വേർതിരിച്ചു.

4. ഖുർആനിലേക്കും സുന്നതിലേക്കും ശ്രദ്ധ തിരിച്ചുകൊണ്ട് ഇജ്തിഹാദിന്റെ ആത്മസത്തയെ പുനരുജ്ജീവിപ്പിച്ചു.

5. ജീർണത ബാധിച്ച വിദ്യാഭ്യാസ സമ്പ്രദായത്തെ വിമർശനാത്മകമായി പരിശോധിച്ചുകൊണ്ട് കാലഘട്ടത്തിന്റെ ആത്മാവിനോടിണങ്ങിയ പുതിയൊരു വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചു.

6. ജനങ്ങളുടെ ജീവിതരീതിയെ ഗ്രസിച്ച ധർമച്യുതിക്ക് പരിഹാരം നിർദേശിച്ചു. ഗസ്സാലിയുടെ മാസ്റ്റർ പീസായി അറിയപ്പെടുന്ന *ഇഹ്യാഉ ഉലൂമിദ്ദീൻ* എന്ന മഹദ്ഗ്രന്ഥം ഈ രംഗത്ത് അദ്ദേഹം നല്കിയ സംഭാവനകളിൽപെടുന്നു.

7. നിലവിലുള്ള ഭരണ സമ്പ്രദായത്തെ ധൈര്യസമേതം തുറന്നു വിമർശിച്ചുകൊണ്ട് അവയുടെ ഇസ്ലാമികമായ പരിവർത്തനത്തിനു വേണ്ടി ആഹ്വാനം ചെയ്തു. രാജാക്കന്മാരുടെ മനുഷ്യാവകാശ ധ്വംസനപരമായ മർദക ഭരണത്തെ നിർഭയമായി വിമർശിച്ചു. ലോകത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് ഇസ്ലാമികമായ ഒരു ഭരണകൂടം സ്ഥാപിതമായിക്കാണാൻ ഇമാം അതിയായി ആഗ്രഹിച്ചിരുന്നതായി ഇബ്നുഖൽദൂൻ തന്റെ *മുഖദ്ദിമഃ*യിൽ എഴുതിയിട്ടുണ്ട്. മൊറോക്കോയിലെ മുവഹ്ഹിദ് ഭരണകൂടത്തിന്റെ സ്ഥാപകനായ ഇബ്നുതൂമർതിൽ ഗസ്സാലീ ചിന്തയുടെ സ്വാധീനം പ്രകടമായിരുന്നു.